GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/07/2026

1. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ബ്ലോക്കിന് കീഴിൽ വരുന്ന കാട്ടാക്കട, പൂവച്ചൽ, വെള്ളനാട്, ആര്യനാട്, കുറ്റിച്ചൽ, തൊളിക്കോട്, വിതുര, ഉഴമലയ്ക്കൽ എന്നീ കൃഷി ഭവനുകളിൽ ഹൈബ്രിഡ് പച്ചക്കറി വിത്ത് പാക്കറ്റുകൾ സൗജന്യമായി ലഭ്യമാണ്. 10 സെന്റ് സ്ഥലത്തെങ്കിലും കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ നികുതിച്ചീട്ട് സഹിതം അതാത് കൃഷി ഭവനുകളുമായി ബന്ധപ്പെടണമെന്ന് വെള്ളനാട് ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ചന്ദ്രലേഖ സി എസ് അറിയിച്ചു. മേൽപ്പറഞ്ഞ കൃഷിഭവനുകളിൽ രജിസ്റ്റർ

ചെയ്യുന്നവർക്ക് മുൻഗണന ലഭിക്കുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9383470159.

2. 2026-27 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള **മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ**

a) സംരക്ഷിത കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഫാൻ ആന്റ് പാഡ് സിസ്റ്റത്തിലുള്ള ഗ്രീൻ ഹൗസ് സ്ട്രക്ച്ചർ ച.മീറ്ററിന് 900 രൂപ നിരക്കിലും, നാച്ച്വറലി വെന്റിലേറ്റഡ് ട്യൂബുലാർ/റെക്റ്റാങ്ഗുലർ ഗ്രീൻ ഹൗസ് സ്ട്രക്ച്ചർന് ച. മീറ്ററിന് 600 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 4000 ച. മീറ്ററിന് ധനസഹായം നല്കുന്നു.

b) പ്ലാസ്റ്റിക് പുതയിടീലിന് ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്തിനും തണൽവല സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് ച..മീറ്ററിന് 355/- രൂപ എന്ന നിരക്കിൽ പരമാവധി 4000 ച.മീറ്ററിനു ധനസഹായം നല്കുന്നു.

c) പോളീഹൗസിൽ കൃഷിചെയ്യുന്ന മൂല്യം കൂടിയ പച്ചക്കറി വിളകളുടെ നടീൽ വസ്തുക്കളുടെ ചെലവിനും, കൃഷിയ്ക്കും, ഓർക്കിഡ്, ആന്തൂറിയം

കാർണേഷൻ, ജർബറ, റോസ്, ലില്ലി എന്നിവയ്ക്കും ഒരു ഗുണഭോക്താവിന് പരമാവധി 4000 ചതുരശ്ര മീറ്ററിന് ധനസഹായം നൽകുന്നു.

d) ഹൈഡ്രോപോണിക്സ് എയറോപോണിക്സ് സംവിധാനത്തിന് പരമാവധി 1000 ചതുരശ്ര മീറ്ററിന് ധനസഹായം നല്കുന്നു. പോളി ഹൗസിൽ ഉപയോഗിക്കുന്ന സർക്കുലേഷൻ ഫാനിനുകൾ (പരമാവധി 6 ഫാനുകൾക്ക് ) ധനസഹായം നല്കുന്നു. ഫെർട്ടിഗേഷനുള്ള സെൻസർ അധിഷ്ഠിത ഓട്ടോമേഷനൻ സിസ്റ്റം യൂണിറ്റ്ന് 2 ലക്ഷം രൂപ സബസിഡി നിരക്കിൽ സംരക്ഷിത കൃഷിയിൽ പരമാവധി 4000 ചതുരശ്ര മീറ്ററിന് ധനസഹായം നല്കുന്നു.

e) പച്ചക്കറി വിളകൾക്കുള്ള പിന്തുണാ സംവിധാനം നടപ്പിലാക്കുന്നതിന്, പക്ഷി പ്രതിരോധ വലകൾക്കുള്ള സ്ഥിരം പിന്തുണാ ഘടന, ഫെൻസിങ് അഥവാ വേലി നിർമ്മിച്ച് കൃഷിയിടം സംരക്ഷിക്കുക എന്നിവയ്ക്ക് ധനസഹായം നല്കുന്നു.

f) പേപ്പർ/നെയ്ത കവർ/പേപ്പർ ബാഗുകൾ മുതലായവ കൊണ്ടുള്ള പഴം/കുലകവർ ഉപയോഗിച്ച് പഴങ്ങൾ സംരക്ഷിക്കുന്നതിന് ധനസഹായം നല്കുന്നു. മേൽ ആനുകൂല്യങ്ങൾ എല്ലാം തന്നെ അതാതു

ജില്ലയിലെ ജില്ല ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിനായി അപേക്ഷകർ അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

3) കേരള കാർഷിക സർവകലാശാലയുടെ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട് ഹോർട്ടികൾച്ചർ നഴ്സറിയിൽ വിവിധ പച്ചക്കറി ഇനങ്ങളുടെ (Mixed Varieties) വിത്തുകളും ഗുണമേന്മയുള്ള കശുമാവ് തൈകളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0467 2260632 എന്ന നമ്പരിൽ ബന്ധപ്പെടാം.

4) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ കുട്ടികളിൽ 2025-2026 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്കുള്ള വിദ്യാഭ്യാസ അവാർഡിന് അപേക്ഷ ക്ഷണിച്ചു. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ഓഗസ്റ്റ് 31 വരെ അപേക്ഷ സ്വീകരിക്കുമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. സർക്കാർ സ്കൂളിലോ എയ്ഡഡ് സ്കൂളിലോ പഠിച്ച് 2026 മാർച്ചിൽ നടത്തിയ എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി, ഹയർസെ ക്കൻഡറി/

വൊക്കേഷണൽ ഹയർസെക്കൻഡറി പരീക്ഷകളിൽ സ്റ്റേറ്റ് സിലബസിൽ പഠിച്ചവരും ആദ്യ ചാൻസിൽ ഉന്നത വിജയം നേടിയവരുമായ വിദ്യാർഥികൾക്കാണ് അർഹതയുള്ളത്. അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ പഠിച്ച വിദ്യാർഥികൾ അവാർഡിന് അപേക്ഷിക്കേണ്ടതില്ല. അപേക്ഷകർ ക്ഷേമ നിധി പാസ് ബുക്ക്, ആധാർ, ബാങ്ക് പാസ്സ്ബുക്ക്, മാർക്ക് ലിസ്റ്റ്, ടി.സി എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, യൂണിയൻ സാക്ഷിയപത്രം, പേരിനോ അഡ്രസിനോ വ്യത്യാസം ഉണ്ടെങ്കിൽ വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ് എന്നിവ അപേഷയോടൊപ്പം ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 -2729175 ഫോൺ നമ്പറിലോ www.agriworkersfund.org വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

5) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രമപഞ്ചായത്ത് കൃഷിഭവന്റെ നേതൃത്വത്തിൽ കർഷകരെ ആദരിക്കും. മുതിർന്ന കർഷകൻ, കർഷക തൊഴിലാളി, ജൈവകർഷകൻ, വനിത കർഷക, സമ്മിശ്ര കർഷകൻ വിഭാഗങ്ങളാണ് ആദരി ക്കുന്നത്. അപേക്ഷകൾ ജൂലൈ 31 നകം കൃഷി ഭവനിൽ എത്തിക്കണമെന്ന് കൃഷി ഓഫീസർ അറിയിച്ചു.

6) തളിപ്പറമ്പ് ബ്ലോക്കിന് കീഴിലെ കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന ആത്മയുടെ എതെങ്കിലും പദ്ധതിയിൽ ഗുണഭോക്താക്കളായിട്ടുള്ള കർഷകരിൽ നിന്ന് മികച്ച കർഷകർക്കുള്ള അവാർഡിന് അപേക്ഷ സ്വീകരിക്കുന്നു. മികച്ച സംയോജിത കർഷകൻ/കർഷക, മികച്ച പച്ചക്കറി കർഷകൻ/കർഷ, കമികച്ച ക്ഷീര കർഷകൻ/കർഷക, മികച്ച ഭക്ഷ്യ സുരക്ഷസംരംഭകൻ/സംരംഭക, മികച്ച സേവന മേഖല കൃഷിക്കൂട്ടം, എന്നി മേഖലകളിൽ നിന്നാണ് അപേക്ഷകൾ സ്വീകരീക്കുന്നത്. അപേക്ഷകൾ അതാത് കൃഷിഭവനുകളിൽ ജൂലായ് 25 വൈകുന്നേരം 4 മണിയ്ക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്.

7) റബ്ബർതോട്ടങ്ങളിൽ കൃഷിചെയ്യാവുന്ന ഇടവിളകളെക്കുറിച്ചും അവ കൃഷിചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും അറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് 2026 ജൂലൈ 24 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഫോണിലൂടെ മറുപടി പറയും. വിവരങ്ങൾക്ക് 0481–2576622 എന്ന നമ്പരിൽ ബന്ധപ്പെടാം.